LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 17-6-2014-ലെ GO(Ms) No.124/14/Home ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ഒരു " Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈംബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്) 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസ്സുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് കണ്ടെത്തുന്ന കേസ്സുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി. മാർ, റേഞ്ച് ഐ.ജി. മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേയ്ക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസ്സുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്.

റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

185 (3695) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണ്; പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; നിർമ്മാണം ആരംഭിച്ചിട്ടുള്ളത്എന്നാണെന്നും കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത്എന്നാണെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉള്ളതെന്നും പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തു തടസ്സമാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(ബി) സ്ഥല പരിമിതിമൂലം വീർപ്പുമുട്ടുന്ന റാന്നി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 71 ലക്ഷം രൂപ; റാന്നി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നൽകിയിരുന്ന ആദ്യ കരാറുകാരൻ 65 ശതമാനം പണികൾ മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളൂ. സമയപരിധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, കരാർ റദ്ദ് ചെയ്ത് അവശേഷിക്കുന്ന പണികൾ, റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ റീ-ടെണ്ടർ ചെയ്ത ശ്രീ. തോമസ് ഡൊമിനിക് എന്ന കരാറുകാരന് 25-2-2015-ൽ 6 മാസത്തെ കാലാവധിയിൽ നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാൻ വന്ന തടസ്സം മുൻ കരാറുകാരൻ വരുത്തിയ കാലതാമസമാണ്. റാന്നി പോലീസ് സ്റ്റേഷന്റെ അനുബന്ധമായ കൂട്ടിച്ചേർക്കൽ ജോലി, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, സന്ദർശക മുറി, 'ബി' ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, WPC റെസ്റ്റ് റൂം, ട്രൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവയാണ് പുതിയ കെട്ടിട സമുച്ചയത്തിലെ സൗകര്യങ്ങൾ. കെട്ടിട നിർമ്മാണം പൂർത്തിയാക്കി, വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് റാന്നി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മാറ്റാവുന്നതാണ്.

അഴിമതി കേസ്സുകൾ

186 (3696) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ അഴിമതി, ക്രിമിനൽ കുറ്റകൃത്യങ്ങൾ എന്നിവയിൽ ആരോപണ വിധേയർ, കുറ്റക്കാരായി കണ്ടെത്തിയവരായിട്ടുള്ള ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ്, ഐ.ആർ.എസ്, മറ്റ് സർക്കാർ ജീവനക്കാർ ആരെല്ലാമെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരിൽ ഇപ്പോൾ സർവ്വീസിൽ തിരിച്ചെടുത്തവർ എത്ര; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) അഴിമതി ആരോപണം നേരിടുന്ന മന്ത്രിമാരിൽ കോടതി വിധികൾ പ്രകാരം ആരുടെയെല്ലാം പേരിൽ എന്തെല്ലാം അന്വേഷണങ്ങൾ നടത്തുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും കേസ്സുകളിൽ ഇവരിൽ ആരെയെങ്കിലും കുറ്റക്കാരായി കോടതികളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.